LIBRARY ARCHIVES Kerala Legislative Assembly

ഡി. ഡി. സി. കൃത്യമായി ചേരുവാനും പദ്ധതികൾ നടപ്പിലാക്കുവാനും നടപടി

147 [451] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:*
ഡോ. തോമസ് ഐസക്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഭാഗമായി പദ്ധതി രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ ചിലത് അപ്രായോഗികവും പദ്ധതി നിർവ്വഹണത്തിന് തടസ്സം നിൽക്കുന്നതുമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) വരൾച്ച, കാലവർഷക്കെടുതികൾ തുടങ്ങിയ സാഹചര്യങ്ങളിൽ പ്രത്യേക പദ്ധതി തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുംവിധത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഡി. സി. സി. കൃത്യമായികൂടി പദ്ധതികൾ നടപ്പിലാക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസക്തമല്ല.

(സി) പ്രകൃതിക്ഷോഭങ്ങൾമൂലമുള്ള കെടുതികൾക്കുള്ള സഹായം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ വിഷയമല്ലാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ദുരിതാശ്വാസ നടപടികൾ ഏറ്റെടുക്കുവാൻ നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളില്ല.

(ഡി) ഡി. ഡി. സി. പദ്ധതികൾ നടപ്പിലാക്കാനുള്ളതല്ല; അവലോകനത്തിനുള്ളതാണ്. എന്നിരുന്നാലും ഡി. ഡി. സി. കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിലെ ജൈവാവശിഷ്ടങ്ങളുടെ സംസ്കരണം

148 [452] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ജൈവാവശിഷ്ടങ്ങളുടെ സംസ്കരണ സംവിധാനത്തിനായി 2005-06-ലെ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കിവച്ചിട്ടുള്ളത്;

(ബി) ആശുപത്രികളിൽനിന്നും പുറംതള്ളുന്ന മാലിന്യങ്ങൾ രോഗം പരത്തുന്നവ ആകയാൽ അടിയന്തിരമായി അവ സംസ്കരിക്കുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ;

(സി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യങ്ങളുടെ സംസ്കരണത്തിന് കൂടുതൽ തുക അനുവദിക്കാൻ തയ്യാറാവുമോ?

ഉത്തരം

(എ) 2005-2006-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ജൈവാവശിഷ്ട സംസ്കരണത്തിനായി 1 കോടി 6 ലക്ഷം രൂപയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിലെ ജൈവാവശിഷ്ട സംസ്കരണത്തിനായി 50 ലക്ഷം രൂപയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനങ്ങൾക്കായി 5.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളിലെല്ലാം ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിലവിലുണ്ട്. നൂറോ അതിലധികമോ കിടക്കകളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സംസ്ഥാന മലിനീകരണനിയന്ത്രണബോർഡിന്റെ മാനദണ്ഡങ്ങൾക്കനുസരണമായുള്ള ജൈവ മാലിന്യ സംസ്കരണ സൗകര്യം ഏർപ്പെടുത്തിന്നതിനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ബ്രാഞ്ചിന്റെ കീഴിലുള്ള സംഘടനയായ 'ഇമേജു'മായി ചേർന്ന് സംസ്ഥാന സർക്കാർ ഒരു ധാരണാപത്രം ഒപ്പുവച്ചു കഴിഞ്ഞു.

(സി) ഉണ്ട്. അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആശുപത്രി വികസന സമിതികളുടെ ഫണ്ടിൽ നിന്നുള്ള തുകയും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തിവരുന്നു.

കടക്കെണി സംബന്ധിച്ച് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

149 [3110] *ശ്രീ കെ. പി. മോഹനൻ:*
,, *എ. സി. ഷൺമുഖദാസ്:*
ഡോ. കെ. സി. ജോസഫ്:
ശ്രീ. സി. കെ. നാണു:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly